പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1228 — 12/06/2014 -ൽ മറുപടിക്ക്

**മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായ കെട്ടിടം പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കെട്ടിടം പണിയുന്നതിനു സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;<br><br>ബി) കെട്ടിടം പണിയുന്നതിന് രജിസ്ട്രേഷൻ വകുപ്പിന് സ്ഥലമില്ലാത്തതിനാൽ, പ്രത്യേക ഉത്തരവു പ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്ന് അഞ്ചു സെന്റ് ഭൂമി അനുവദിച്ചത് പരിഗണിച്ച് സ്വന്തം കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ? | എ) & ബി) മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 5 സെന്റ് സ്ഥലം 17/11/2011 ലെ സ.ഉ.(സാധാ) നമ്പർ 2119/2011/കൃഷി ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിന് ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഭൂമിയുടെ റിലിങ്ക്വിഷ്മെന്റ് നടപടികൾ പൂർത്തീകരിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും റവന്യൂ വകുപ്പിൽനിന്ന് ലഭിച്ചിട്ടില്ലായെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് വിശദമായ പ്ലാനും, 41.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുവാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.